# സിഗരറ്റ് കമ്പനികളുടെ ലയനം മൂന്നാംലോക രാജ്യങ്ങൾക്ക് ഭീഷണി

എം. എസ്. അഹമ്മദ്
(വിവർത്തനം: ടി. ഐ. ലാല്യ)

മൂന്നാംലോകരാജ്യങ്ങളിലെവിപണിയെലക്ഷ്യമിട്ട് യു.എസ്സിലെയും ബ്രിട്ടണിലെയും വൻ സിഗരറ്റ് കമ്പനികളായ ബ്രിട്ടിഷ് അമേരിക്കൻ ടുബാക്കോയും റോത്ത്മാൻസും ഒന്നിച്ച് ന്യൂ ബി. എ. ടി. എന്ന ഭീമൻ സിഗരറ്റ് കമ്പനിക്ക് രൂപം നൽകിയിരിക്കുന്നു. പ്രതിവർഷം ഏതാണ്ട് 900 ബില്യൺ സിഗരറ്റ് ഉൽപ്പാദിപ്പിച്ച് വിലപ്പന നടത്താനാണ് പ്ലാനിട്ടിരിക്കുന്നത്. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് പുകവലിക്കെതിരെ കർശന നിയമങ്ങളോ ബോധവൽക്കരണ ശ്രമങ്ങളോ ഇല്ല എന്നുള്ളതാണ് ഇന്ത്യപോലുള്ള വികസ്വര രാജ്യങ്ങളിലെ വിപണി തേടാൻ ഈ വമ്പൻമാരെ പ്രേരിപ്പിച്ചിരിക്കുന്നത്.

13ബില്യൺ ഡോളറിന്റെ ഈ വമ്പൻ ലയനത്തെ തുടർന്ന്, മൾബോറൊ സിഗരറ്റ് നിർമ്മാതാക്കളായ ഫിലിപ്പ് മേഗിസ് എന്ന അമേരിക്കൻ കമ്പനികഴിഞ്ഞാൽ സ്വകാര്യ മേഖലയിൽ രണ്ടാമത്തെ എറ്റവും വലിയകമ്പനിയായി ഇത് മാറിയിരിക്കുന്നു. 555, സ്റ്റേറ്റ് എക്സ്പ്രസ്സ്, റോത്ത്മാൻസ്, ഡൺഹിൽ, ബെൻസൺ & ഹെഡ്ജ്സ് തുടങ്ങിയ പ്രമുഖ സിഗരറ്റ് ബ്രാന്റുകളെല്ലാം ഇനിമുതൽ ഒരുകമ്പനിയുടെ കീഴിൽ വിപണനം ചെയ്യുന്നതാണ്. ലോകത്തുൽപ്പാദിപ്പിക്കുന്ന മൊത്തം സിഗരറ്റിന്റെ ആറിലൊരുഭാഗം ഉൽപ്പാദിപ്പിക്കുന്നത് ഈ പുതിയ കമ്പനിയായിരിക്കും

പുകവലി വിരുദ്ധ സംഘടനകൾ, ആരോഗ്യപ്രവർത്തകർ, ശാസ്ത്രജ്ഞർ, ബ്രിട്ടീഷ് മെഡിക്കൽ അ




സോസിയേഷൻ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി അധികൃതർ എന്നിവർ ഈ വമ്പൻ സിഗരറ്റ് കമ്പനികളുടെ ലയനത്തിനെതിരെ രംഗത്ത്‌വരികയുണ്ടായി. ചൈന, ആഫ്രിക്ക, ഇന്ത്യ, ദക്ഷിണകിഴക്കനേഷ്യ എന്നിവിടങ്ങളിലെ പുതുവിപണികൾ ഉന്നംവെച്ചുള്ള ഇവരുടെ നീക്കം കൂടുതൽ പുകവലി മരണങ്ങൾക്കു കരണമാകുമെന്ന് ഈ ലയന ഇടപാടിന്റെ കടുത്ത വിമർശകനും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ റിച്ചാർഡ്പെറ്റോ പറയുന്നു. യുദ്ധം, രോഗം, പട്ടിണി എന്നിവ മൂലം മരിച്ചതിനേക്കാൾ കൂടുതലായിരിക്കുമിത്

ആരോഗ്യവിദഗ്ദരുടെ കണക്കനുസരിച്ച് ലോകത്ത് 40 ലക്ഷം മനുഷ്യരാണ് പുകവലി മൂലം മരിക്കുന്നത്. 2003-ൽ ഇത് ഒരുകോടിയായി ഉയരും. 70 ലക്ഷം പേർ വികസ്വര രാജ്യങ്ങളിലെ മനുഷ്യരായിരിക്കും. ഇപ്പോൾത്തന്നെ ഈ കമ്പനികൾ പടച്ചു വിടുന്ന സിഗരറ്റുകൾ പ്രതിവർഷം 5 ലക്ഷം പേരുടെ മരണത്തിനു കാരണമാവുന്നുണ്ട്. 20 വർഷം കഴിയുമ്പോൾ ഇവരുണ്ടാക്കുന്ന മരണസംഖ്യ 10 ലക്ഷമായിരിക്കും. ഇത്രയേറെ മുന്നറിയിപ്പുണ്ടായിട്ടും ബ്രിട്ടിഷ് വിദേശകാര്യ ഓഫിസും പ്രധാന മന്ത്രിയുടെ ഓഫീസും ഈ ലയനത്തിനെതിരെയുള്ള ആരോഗ്യവകുപ്പിന്റെ എതിർപ്പുകളെ തള്ളിക്കളയുകയാണുണ്ടായത്. സിഗരറ്റ്കമ്പനികളുടെ ലയനം മൂലം വികസ്വര രാജ്യങ്ങളിൽ ഉണ്ടാകാൻ പോകുന്ന കൂട്ടക്കുരുതിയേക്കാൾ പ്രാധാന്യം ലഭിച്ചത് സിഗരറ്റ് കയറ്റുമതിക്കാണ്

ഇതിനുപുറമെ ബ്രിട്ടിഷ് വിദേശകാര്യ ഓഫീസ്, ലോകത്തിലെ എല്ലാ ബ്രിട്ടിഷ് എംബസികളോടും ഈ പുതിയ ഭീമൻ സിഗരറ്റ് കമ്പനിക്ക് പുതിയ വിപണി സംഘടിപ്പിച്ചു കൊടുക്കുവാൻ വേണ്ട സഹായങ്ങളെല്ലാം ചെയ്തുകൊടുക്കണമെന്ന് ഉത്തരവിറക്കിയിരുന്നു. എംബസി സ്റ്റാഫ്, മറ്റു ബ്രിട്ടിഷ് കമ്പനികൾക്കെന്ന പോലെ ഈ കമ്പനിക്കും നിയമ ഉപദേശങ്ങളും പിന്തുണയും കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ബ്രിട്ടിഷ് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ധാർമ്മിക മൂല്യങ്ങളിൽ ഊന്നികൊണ്ടുള്ളതായിരിക്കും ബ്രിട്ടന്റെ വിദേശ നയമെന്ന് ബ്രിട്ടിഷ് വിദേശകാര്യ സെക്രട്ടറി റോബിൻ കുക്ക് ഈയടുത്ത് പ്രഖ്യാപിച്ചതിനു ശേഷമാണ് വികസ്വര രാജ്യങ്ങളിൽ കൂട്ടക്കുരുതി നടത്തുന്നവരെ പ്രോൽസാഹിപ്പിക്കുന്ന ഈ ദുഷ്ടനീക്കമുണ്ടായിരിക്കുന്നത്.